# പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം

അമ്പലവയൽ, വയനാട് – 673 593

കേരള കാർഷിക സർവകലാശാല

മൊബൈൽ: 9188224421, ഫോൺ: 04936 260421/260561

ഇ മെയിൽ: rarsamb@kau.in / adramb@kau.in


നമ്പർ. E.1621/2021(ii) തീയതി. 19.09.22

## ടെൻഡർ നോട്ടീസ്

അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലേക്ക് വിവിധ സ്റ്റേഷനുകളിൽ നിന്നും, വിത്ത് തേങ്ങ പൊള്ളാച്ചിയിൽ നിന്നും കൊണ്ടുവരുന്നതിനും ഗുഡ്സ് ക്യാരിയർ അത്യാവശ്യമാണ്. ആയതിനാൽ വിവിധ ആവശ്യങ്ങൾക്കായി 2022 - 2023 വർഷത്തേയ്ക്ക് ഗുഡ്സ് ക്യാരിയർ (10 ടൺ), ഗുഡ്സ് ക്യാരിയർ (7 ടൺ), ഗുഡ്സ് ക്യാരിയർ (2 ടൺ) എന്നിവ വാടകയ്ക്ക് നൽകുവാൻ താൽപ്പര്യമുള്ള വ്യക്തികളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ടെൻഡറുകൾ ക്ഷണിച്ചു കൊള്ളുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ടെൻഡർ നമ്പർ | ഇ. 1621 /2021 (ii) |
| ടെൻഡറുകൾ ലഭിക്കേണ്ട അവസാന തീയതിയും സമയവും | **10.10.2022, 11.00 am** |
| ടെൻഡറുകൾ തുറക്കുന്ന തീയതിയും, സമയവും | **10.10.2022 12.00 noon** |
| നിരത ദ്രവ്യം (EMD) | **2000/- രൂപ** |
| ടെൻഡർ കാലാവധി | **ഒരു വർഷം** |
| ടെൻഡർ വില | **472/ (400+ ജി.എസ്.റ്റി 18%)** |
| ടെൻഡർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽവിലാസവും | അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്<br>പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം<br>അമ്പലവയൽ, വയനാട്,<br>പിൻകോഡ്-673 593 |
| പുറത്തെഴുത്ത്: **ഗുഡ്സ് ക്യാരിയർ വാടകയ്ക്ക് നൽകുന്നതിനുള്ള ടെൻഡർ** | |

- **ഗുഡ്സ് ക്യാരിയർ** ഉപയോഗിച്ച് ഫാമിന് പുറത്തുള്ള ഓട്ടത്തിന് **ഒരു കിലോ മീറ്ററിനുള്ള** വാടക രേഖപ്പെടുത്തിയ ടെൻഡർ (ഇതിൽ ഡ്രൈവറുടെ കൂലി, ഇന്ധനം, റിപ്പയർ, ടാക്സ് മുതലായവ ടെൻഡർ ലഭിക്കുന്ന വ്യക്തി വഹിക്കേണ്ടതാണ്) മേൽ സൂചിപ്പിച്ച വിലാസത്തിൽ അയയ്ക്കേണ്ടതോ, എത്തിയ്ക്കേണ്ടതോ ആണ്.
- കെ.എ.യു.വെബ് സൈറ്റിൽ നിന്നുമെടുത്ത ടെൻഡർ ഫോമിൽ ടെൻഡറുകൾ സമർപ്പിച്ചിരിക്കണം.
- ടെൻഡറിനോടൊപ്പം 200/- രൂപയുടെ മുദ്രപത്രത്തിൽ എഗ്രിമെന്റ് സമർപ്പിച്ചിരിക്കേണ്ടതാണ്.
- ടെൻഡറിനോടൊപ്പം 2000/- രൂപയുടെ നിരതദ്രവ്യം സമർപ്പിക്കേണ്ടതാണ്. കൃത്യസമയത്ത് കിട്ടിയ ടെൻഡറുകൾ അന്നേ ദിവസം 11.40 മണിയ്ക്ക് തന്നെ തുറക്കുന്നതും, ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ദർഘാസ് സ്വീകര്യമാണെന്ന് തോന്നിയാൽ അംഗീകരിക്കുന്നതുമായിരിക്കും. ഇപ്രകാരം ടെൻഡർ ഏറ്റെടുക്കുന്ന ആൾ ടെൻഡർ തുകയുടെ 3% സെക്യൂരിറ്റി ഡെപ്പോസിറ്റ് അടയ്ക്കേണ്ടതാണ്.

RP

- വിജയിയായ ടെൻഡറുകാരൻ ഓർഡർ ഫാമിൽ നിന്നും ആവശ്യപ്പെടുന്ന മുറയ്ക്ക് ജോലി ആരംഭിക്കേണ്ടതും, സമയബന്ധിതമായി ഫാമിലെ ഉദ്യോഗസ്ഥർ നിഷ്കർഷിക്കുന്ന ജോലികൾ ഫാമിലെ മറ്റു വസ്തുവകകൾക്കൊന്നും നഷ്ടം സംഭവിക്കാതെ ചെയ്തു തീർക്കേണ്ടതാണ്.
- ടെൻഡർ ഉറപ്പിക്കുന്ന വ്യക്തി ഒരേ സമയം ഒന്നിൽ കൂടുതൽ വാഹനങ്ങൾ ആവശ്യമെങ്കിൽ ലഭ്യമാക്കേണ്ടതാണ്.
- ടെൻഡറുകൾ സ്വീകരിക്കുന്നതിനോ, കാരണം വ്യക്തമാക്കാതെ തള്ളിക്കളയുന്നതിനോ ഉള്ള പൂർണ്ണ അധികാരം കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്.
- ജോലിയ്ക്ക് നിയമിക്കപ്പെടുന്ന തൊഴിലാളികളുടെ നിയമപ്രകാരമുള്ള പരിരക്ഷ, അവകാശങ്ങൾ, മറ്റ് നിയമ വ്യവസ്ഥകൾ മുതലായവ പാലിക്കാനുള്ള പൂർണ്ണ ഉത്തരവാദിത്തം കരാറുകാരന്റെതു മാത്രമായിരിക്കും. ജോലയ്ക്കിടയിൽ ഉണ്ടാകുന്ന അപകടങ്ങൾക്ക് കരാറുകാരൻ മാത്രമായിരിക്കും ഉത്തരവാദി.
- സർക്കാരിന്റെ ടെൻഡറിന്റെ പ്രസക്തമായ എല്ലാ നിബന്ധനകളും ഇതിനും ബാധകമാണ്.
- ടെൻഡർ ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമാകുകയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം 11 മണി വരെ ടെൻഡർ സ്വീകരിക്കുന്നതും തുറന്ന് പരിശോധിക്കുന്നതും ആണ്.
- നിലവിലുള്ള സർക്കാർ വ്യവസ്ഥകൾക്കനുസരിച്ച് ആവശ്യമെങ്കിൽ ആദായനികുതി പിടിക്കുന്നതായിരിക്കും.
- കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി സമയത്ത് ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

(ഒപ്പ്)
അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്

നോട്ടീസ് ബോർഡ് ഓഫീസ്/ഫാം
പകർപ്പ് : ശ്രീ. ജെയ്മോൻ കെ.സി, ഫാം സൂപ്രണ്ട്, ശ്രീ. ലിഫി സക്കറിയ ആന്റണി (ഫാം മാനേജർ)
വില്ലേജ് ഓഫീസ് / പഞ്ചായത്ത്/വിതരണത്തിന്
വെബ്സൈറ്റ്

RP